# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം/പി 8/1557/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 11/04/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം/പി 8/1557/2021 തീയ്യതി: 11/04/2022

## എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാജിമോൻ കെ.എ | ഡെപ്യൂട്ടി ഡയറക്ടർ | 01-10-2021 | 03-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-10-2021 | 03-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ഷൈജു മാത്യു, ഓഡിറ്റ് ഓഫീസർ
ശ്രീ. റഷീദ് സി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനീഷ് ടി.എസ്., ഓഡിറ്റർ
ശ്രീമതി സ്വപ്ന വി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ ജെ ജോർജ് | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | പ്രസിഡന്റ് | 11-11-2019 | 29-12-2020 |
| ആൻസി ജോസ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| റെജിമോൻ പി പി | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ജഗദീഷ് എം പി | സെക്രട്ടറി | 09-06-2020 | 01-03-2021 |
| റോസമ്മ കെ ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 31-03-2021 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റോസമ്മ കെ ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| സാം മാത്യു സാബു | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| രാഹുൽ കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| നീന ബി | വി ഇ ഒ. മടക്കത്താനം | 01-04-2020 | 31-03-2021 |
| ദിവ്യ കെ പി | വി ഇ ഒ. മഞ്ഞള്ളൂർ | 01-04-2020 | 31-03-2021 |
| ബിന്ദു ബി എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 30-04-2020 |
| ലിജി പി എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-05-2020 | 31-03-2021 |
| ഡോ റാണി ലക്ഷ്മി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ ജയലക്ഷ്മി ഒ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2020 | 31-01-2021 |
| ഡോ ജയലക്ഷ്മി വി ജെ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-02-2021 | 31-03-2021 |
| ഡോ അനു വിശം | മെഡിക്കൽ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ ആയുർവേദം | | |
| ഡോ ഷാജി പൗലോസ് | സീനിയർ വെറ്റിനറി സർജൻ | 01-04-2020 | 28-02-2021 |
| ഡോ സോമോൾ | സീനിയർ വെറ്റിനറി സർജൻ | 01-03-2021 | 31-03-2021 |
| പി കെ സുജാത | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ഗീതാഞ്ജലി ആർ ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaiju Mathew (Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shaiju Mathew (Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shaiju Mathew (Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shaiju Mathew (Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Shaiju Mathew (Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Shaiju Mathew (Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Shaiju Mathew (Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Shaiju Mathew (Audit Officer, On 05-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-10 |
| 11 | വസ്തുനികുതി ഇനത്തിൽ കുറവ്<br>Written By: Aneesh T S (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-11 |
| 12 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി<br>Written By: Aneesh T S (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-12 |
| 13 | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും ലൈസൻസ്<br>Written By: Aneesh T S (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 1-13 |
| 14 | വസ്തു നികുതി - തുടർ നടപടി സ്വീകരിച്ചില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-14 |
| 15 | ഗുണഭോക്തൃ വിഹിതം ഈടാക്കിയത് ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Swapna.V (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 1-15 |
| 16 | പുസ്തകങ്ങൾ വാങ്ങൽ - വ്യവസ്ഥകൾ പാലിച്ചില്ല<br>Written By: C.M.Rasheed (Asst. Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-16 |
| 17 | രസീത് പരിശോധന അപാകതകൾ - എ.ഇ മഞ്ഞള്ളൂർ | 1-17 |

| | | |
|---|---|---|
| | Written By: Aneesh T S (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | |
| 18 | ക്ഷീരസഹകരണ സംഘങ്ങൾ ലൈസൻസ്<br>Written By: Aneesh T S (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 1-18 |
| 19 | മരുന്നുകൾ ലഭ്യമായില്ല<br>Written By: Aneesh T S (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-19 |
| 20 | കംപ്യൂട്ടർ വാങ്ങലിൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-20 |
| 21 | നികുതികൾ - റ്റി ഡി എസ് കിഴിവ് ചെയ്തില്ല<br>Written By: C.M.Rasheed (Asst. Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-21 |
| 22 | എസ് എൽ ഐ, ജി ഐ എസ് പ്രീമിയം കുറവ് അടവാക്കുന്നത്- സംബന്ധിച്ച്<br>Written By: Aneesh T S (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-22 |
| 23 | റിവോൾവിംഗ് ഫണ്ട് - വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം<br>Written By: C.M.Rasheed (Asst. Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-23 |
| 24 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതി - മരുന്ന് ലഭിച്ചിട്ടില്ല<br>Written By: Swapna.V (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 1-24 |
| 25 | തൊഴിലുറപ്പ് പദ്ധതി - കരാറുകാർക്ക് അധിക തുക നൽകി.<br>Written By: Shaiju Mathew (Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 1-25 |
| 26 | തൊഴിലുറപ്പ് പദ്ധതി - റ്റി ഡി എസ് ഈടാക്കുന്നില്ല.<br>Written By: Shaiju Mathew (Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 1-26 |
| 27 | മരാമത്ത് പ്രവർത്തികൾ-ടെൻഡർ നടപടികളിലെ അപാകങ്ങൾ<br>Written By: Shaiju Mathew (Audit Officer, On 05-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 1-27 |
| 28 | ഗ്രാമപഞ്ചായത്ത് കെട്ടിടനിർമ്മാണം പൂർത്തിയാകാതെ അവശേഷിക്കുന്നു.<br>Written By: Shaiju Mathew (Audit Officer, On 05-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-28 |
| 29 | കോവിഡ്-19 -പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം<br>Written By: C.M.Rasheed (Asst. Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-29 |
| 30 | ഓഡിറ്റ് ഇംപാക്ട്<br>Written By: Aneesh T S (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | തൊഴിലുറപ്പ് പദ്ധതി - കരാറുകാർക്ക് അധിക തുക നൽകി.<br>Written By: Shaiju Mathew (Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം | 4-1 |

| | | |
|---|---|---|
| | നൽകിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 4-8 |
| 9 | ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 06-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 4-10 |
| 11 | തീർപ്പാക്കനവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 19.03.2020 ലെ 1/1-ാം നമ്പർ തീരുമാനമനുസരിച്ചും, പുതുക്കിയ ബജറ്റ് 10/02/2021 ലെ 3/1-ാം നമ്പർ തീരുമാനപ്രകാരവും താഴെ ചേർക്കുന്ന രീതിയിൽ അംഗീകരിച്ചു.

| | |
|---|---|
| മുന്നിരുപ്പ് | 2651544 |
| വരവ് | 11395800 |
| ആകെ | 116609544 |
| ചെലവ് | 115168520 |
| നീക്കിയിരുപ്പ് | 1441024 |

**ബജറ്റ് എസ്റ്റിമേറ്റ്-യഥാർത്ഥ വരവ് ചെലവുകളുമായി അന്തരം**

കേരള പഞ്ചായത്ത് രാജ് വകുപ്പ് 214(3) പ്രകാരം ബജറ്റിൽ പ്രതീക്ഷിക്കുന്ന വരവ് യഥാർത്ഥവും കൃത്യവുമായിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നും കാര്യമായ വ്യത്യാസം ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിശദമായ കുറിപ്പോടുകൂടിയുള്ള വിശദീകരണം ബജറ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ യഥാർത്ഥ്യവുമായി വലിയ അന്തരമുണ്ടെങ്കിലും വിശദീകരണകുറിപ്പ് ലഭ്യമല്ല.

| | |
|---|---|
| 2020-21 ബജറ്റ് പ്രതീക്ഷിത വരവ് | 11395800 |
| യഥാർത്ഥ വരവ് | 54151381 |
| വ്യത്യാസം | -42755581 |

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ

1)ഇ ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമ പഞ്ചായത്തിന് ലഭിക്കുവാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) RP-31 -Grants, Funds &Contributions For Specific Purpose എന്ന ഷെഡ്യൂളിൽ 320800101-Beneficiary Contribution എന്ന ഹെഡിൽ 1000/- രൂപ വരവായി കാണിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും തൻവർഷം ഈ ഇനത്തിൽ വരവില്ല.

3) 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ലൈബ്രറി പത്രമാസികകൾ, മരങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സ്, ടെമ്പോ സ്റ്റാന്റ്, ബസ് സ്റ്റാൻഡ് കംഫോർട്ട് സ്റ്റേഷൻ, തേങ്ങ്, ടോൾ പിരിവ് എന്നീ ലേലയിനത്തിൽ ലഭിച്ചിട്ടുള്ള ആകെ തുക 13814/- രൂപ RP-34 Deposits Received എന്ന ഷെഡ്യൂളിലെ 340200102-Auction Deposit എന്ന ബാധ്യതാ ഹെഡിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4) ലൈഫ് ലോൺ അക്കൗണ്ട് RP40(B) പ്രകാരം നീക്കിബാക്കി 22089/-രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ലയബിലിറ്റി കാണിച്ചിട്ടില്ല.

5) TSC അക്കൗണ്ട് RP40(B) പ്രകാരം നീക്കിബാക്കി 1375405/-രൂപയാണ് നീക്കിബാക്കിയായി കാണിച്ചിട്ടുള്ളത്. എന്നാൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം 288549/-രൂപയാണ് നീക്കിബാക്കിയായി കാണിച്ചിട്ടുള്ളത്.

6) ഡെപ്പോസിറ്റ് തുകയിൽ വ്യത്യാസമുണ്ട്. മുൻ ബാക്കി, വരവ്, ചെലവ്, നീക്കി ബാക്കി തുകകൾ പൊരുത്തപ്പെടുന്നില്ല.

7) നിലവിൽ Advertisement Tax ഇല്ല എങ്കിലും ബാലൻസ് ഷീറ്റ് B15 ഹെഡുകളിൽ (ഹെഡ് കോഡ് - 431190202) Advertisement Tax കുടിശ്ശികയിനത്തിൽ 97187/-രൂപ ലഭിക്കാനുള്ളതായി

രേഖപ്പെടുത്തിയിരിക്കുന്നു.

8) RP സ്റ്റേറ്റ്മെന്റ് II പ്രകാരം Employer Provident Fund Contribution (NPS) B9 – സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല.

9) മാർക്കറ്റ് രസീത് ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല. (ഡിമാന്റ് – 82500, കളക്ഷൻ – 57500, ബാലൻസ് – 25000). എന്നാൽ ബാലൻസ് ഷീറ്റ് B15 ഷെഡ്യൂൾ പ്രകാരം ബാലൻസ് തുക രേഖപ്പെടുത്തിയിട്ടില്ല.

10) 180400101 എന്ന ഹെഡ്ഡിൽ Recovery From Employees ആയി 2400/- രൂപ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11560419 |
| വരവ് | 54151381 |
| ആകെ | 65711800 |
| ചെലവ് | 53523642 |
| നീക്കിയിരിപ്പ് | 12188158 |
| വരവിനങ്ങളുടെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 44299 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 342576 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 9598357 | 9598357 | 7479427 | 803542 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 3549433 | 3549433 | 3337517 | 79955 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 167000 | 167000 | 161916 | 5084 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8855000 | 8855000 | 8323018 | 531982 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3456681 | 3456681 | 3103173 | 353508 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | 0 | 4478529 | 4478529 | 4431366 | 47163 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 3910000 | 3910000 | 1192043 | 2717957 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | | | | |
| സാക്ഷരത | 0 | | | | |
| ദുരിതാശ്വാസനിധി | 9482 | 261 | 9743 | 0 | 9743 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് – തൊഴിലാളികളുടെ കൂലി | 0 | 18615255 | 18615255 | 18615255 | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് – അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1030 | 569345 | 570375 | 568076 | 2299 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| 320100119 WGDP | 12128 | 0 | 12128 | 0 | 12128 |
| 320100121 ICDS | 376838 | 353621 | 730459 | 730459 | 0 |
| 320200322 Suchitwa Mission | 468000 | 1606749 | 2074749 | 1162933 | 911816 |
| 320100203 Soild Waste Mgt | 600000 | 0 | 600000 | 0 | 600000 |
| 320300102 Jalanidhi | 10000 | 0 | 10000 | 0 | 10000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| 320300103 Total Sanitation | 30213 | 0 | 30213 | 0 | 30213 |

| | | | | | | |
|---|---|---|---|---|---|---|
| 320300199 OTHER GOVT AGENCIES | | 38750 | 0 | 38750 | 0 | 38750 |
| 320100115 TSC | | 126678 | 291871 | 418549 | 130000 | 288549 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് 320700204 | 339156 | 0 | 339156 | 280200 | 58956 |
| | ജില്ലാ പഞ്ചായത്ത് 320700105 | 3874 | 0 | 3874 | 0 | 3874 |
| | ജില്ലാ പഞ്ചായത്ത് 320700205 | 127500 | 50000 | 177500 | 50000 | 127500 |
| | ബ്ലോക്ക് പഞ്ചായത്ത് 320700304 | 0 | 460000 | 0 | 460000 | 0 |
| ബി ഫണ്ട്( വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം) | | Nil | | | | |
| ടി.എസ്.സി | | 726678 | 2563488 | 3290166 | 1974761 | 1315405 |

വികസന ഫണ്ട് (ജനറൽ) ൽ നിന്നും Anaganwadi Related Programme എന്ന പ്രൊജക്ടിന്റെ ഭാഗമായി 700800രൂപയും KURDFC ലോൺ തിരിച്ചടവിനത്തിൽ 614588രൂപയും Source Deduction ആയി കുറവ് വരുത്തിയിട്ടുണ്ട്.

വികസന ഫണ്ട് (എസ്.സി.പി) ൽനിന്നും KURDFC ലോൺ തിരിച്ചടവിനത്തിൽ 131961രൂപ Source Deduction ആയി കുറവ് വരുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 73969588 | 136 | 37034237 | 12 | 35 | 74.32% |

2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിനായി 2019-20 വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പുകളും വികസന സെമിനാറും നടത്തിയിട്ടില്ല.കോവിഡിന്റെ സവിശേഷ സാഹചര്യത്തിൽ 2020-21 വർഷത്തിലും വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്നിട്ടില്ല.എന്നാൽ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പദ്ധതി നിർദ്ദേശങ്ങളും പുതുക്കിയ പദ്ധതി നിർദ്ദേശങ്ങളും ചർച്ച ചെയ്തിട്ടുണ്ട്.

സർക്കാർ ഉത്തരവ് നം(കൈ)156/2019/തസ്വഭവ തി.4.12.2019 പ്രകാരമുള്ള ദുരന്തനിവാരണ പദ്ധതി തയ്യാറാക്കിയതിന് ഭരണസമിതി അംഗീകാരം ലഭ്യമായിട്ടുണ്ട്. ദുരന്തനിവാരണ പദ്ധതിയിലെ നിർദ്ദേശങ്ങൾ 2020-21 വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിക്കേണ്ടതാണെന്ന സ.ഉ.(കൈ)നം.157/19/ തസ്വഭവ തി.5.12.2019 അടിസ്ഥാനത്തിൽ ഇത്തരം പ്രൊജക്ടുകൾ ഓഡിറ്റ് വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1030 | 569345 | 570375 | 568076 | 2299 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18615255 | 18615255 | 18615255 | 0 |
| ആകെ | 1030 | 19184600 | 19185630 | 19183331 | 2299 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2105600 | 821 |
| വിധവാപെൻഷൻ | 8117500 | 3072 |
| വാർദ്ധക്യകാലപെൻഷൻ | 15261900 | 5927 |
| വികലാംഗപെൻഷൻ | 2132100 | 851 |
| അൺമാരീഡ് പെൻഷൻ | 434800 | 166 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4814/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.10.2020 | 01.02.2020മുതൽ 30.09.2020 വരെ | 24.09.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07/2007 | 1997-98 മുതൽ 2006-07 വരെ | 30.07.2007 |

## 1-10 ആഭ്യന്തര നിയന്ത്രണം

2020-21 വർഷത്തിൽ 4.1.2021 വരെ സ്റ്റാഫ് മീറ്റിംഗ് നടന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കോവിഡ് കാലഘട്ടമായിരുന്നതിനാൽ ഇക്കാലയളവിൽ എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗ് കൂടിയിട്ടില്ല. ചേർന്നിരിക്കുന്ന മീറ്റിംഗുകളിൽ പ്രധാനമായും കോവിഡ് നിയന്ത്രണ പരിപാടികളാണ് ചർച്ചാവിഷയങ്ങളായിരിക്കുന്നത്. ജീവനക്കാരുടെ ഉത്തരവാദിത്തങ്ങൾ സമയാസമയങ്ങളിൽ നിർണ്ണയിച്ചുകൊണ്ട് ഓഫീസ് ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ട്. കോവിഡ് കാല ചുമതലകൾ പരിഗണിച്ച് എല്ലാ ജീവനക്കാർക്കും നിർബന്ധിത ഹാജർ ഓഫീസ് ഉത്തരവിലൂടെ നിഷ്കർഷിച്ചിട്ടുണ്ട്. ക്വാറന്റൈൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ, മഴക്കാല പ്രകൃതി ക്ഷോഭം നേരിടുന്നതിനുള്ള കൺട്രോൾ റൂം പ്രവർത്തനങ്ങൾ, വിവരാവകാശനിയമം, ഇലക്ഷൻ സംബന്ധമായ ജോലിവിഭജനം എന്നിവയും ഓഫീസ് നടപ്പാക്കിയിട്ടുണ്ട്.

## 1-11 വസ്തുനികുതി ഇനത്തിൽ കുറവ്

പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ, നികുതിനിർണ്ണയ രേഖകൾ പരിശേധിച്ചതിൽ താഴെപറയുന്ന കെട്ടിടങ്ങൾക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 60 രൂപ) ഈടാക്കുന്നതിന് പകരം 100 ച. മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 50 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം.,/ കെട്ടിട നം. | കെട്ടിട ഉടമ | വിസ്തൃതി (പ്ലിന്ത് ഏരിയ ച. മീ.) | ഈടാക്കേണ്ട നികുതി 60 രൂപ നിരക്കിൽ (വർദ്ധനവ്-ഇളവ് ഉൾപ്പെടെ) | ഈടാക്കിയ നികുതി 50 രൂപ നിരക്കിൽ (വർദ്ധനവ്-ഇളവ് ഉൾപ്പെടെ) | കുറവ് |
|---|---|---|---|---|---|
| 10/205A | രവി എം എൻ, മടക്കത്താനം. | 111.72 | 6703 | 5586 | 1117 |
| 6/365 | ജോർഡി ജോസഫ് മാത്യു പോൾ | 136.05 | 8163 | 6803 | 1360 |

| | | | | | |
|---|---|---|---|---|---|
| C | എബ്രഹാം ,<br>മടക്കത്താനം | | | | |
| | ആകെ | | | | 2477 |

മേൽ വിശദീകരിച്ച പ്രകാരം വസ്തു നികുതി ഇനത്തിൽ 2015 1st Half മുതലൽ കുറവ് വന്നതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പട്ട്കൊണ്ട് നൽകിയ 10/2020-21 തീയതി 25/102021 നം ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കുറവുവന്ന നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്തുകൊള്ളാമെന്ന് അറിയിച്ചിട്ടുള്ളതാണ്. വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 1-12 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 11/2020-21 തിയതി 25/10/2021 ന് സെക്രട്ടറി നൽകിയ മറുപടിയിൽ സ്ഥാപന ഉടമകളോട് ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുള്ളതിനാൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | ക്യൂൻസ് പൈനാപ്പിൾ ഏജൻസി | 5 | 1st &2nd അർദ്ധവർഷം |
| 2 | ക്രയ്സ്റ്റ് ഫുഡ് പ്രോഡക്ട്സ് | 12 | 1st &2nd അർദ്ധവർഷം |
| 3 | ന്യൂ ഹൈറേഞ്ച് ടൈൽസ് | 10 | 1st &2nd അർദ്ധവർഷം |
| 4 | മിഥില ട്രേഡ്സ് | 5 | 1st &2nd അർദ്ധവർഷം |
| 5 | വിസ്മൃതി | 5 | 1st &2nd അർദ്ധവർഷം |
| 6 | തെള്ളിയാങ്കൽ ബേക്കറി | 5 | 1st &2nd അർദ്ധവർഷം |

## 1-13 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും ലൈസൻസ്

1999 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ) പ്രകാരം താഴെപറയുന്ന സ്വകാര്യ ആശുപത്രികൾ/ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2020-21 കാലയളവിൽ രജിസ്ട്രേഷൻ/ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പട്ട്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 22/2020-21 തിയതി 1/11/2021 ന് സെക്രട്ടറി നൽകിയ മറുപടിയിൽ രജിസ്ട്രേഷൻ/ലൈസൻസ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 2020-21 കാലയളവിലെ രജിസ്ട്രേഷൻ/ലൈസൻസ് പുതുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ആയൂർ രക്ഷാ<br>ആയൂർവേദ സ്ത്രീരോഗ ക്ലിനിക്ക് |

## 1-14 വസ്തു നികുതി - തുടർ നടപടി സ്വീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിൽ മഞ്ഞള്ളൂർ വില്ലേജിൽ 46/9-4,46/9-5,44/2-2-4 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട സ്ഥലത്ത് XII/10-A, XII/10-B, XII/10-C, XII/10-D, XII/10-E, XII/10-F എന്നീ കെട്ടിടങ്ങളോട് ചേർന്ന് ശ്രീ എ കെ കൃഷ്ണകുമാർ, കദളിക്കാട് എന്ന വ്യക്തി അനധികൃത കെട്ടിടങ്ങൾ നിർമ്മിച്ചതായി പഞ്ചായത്ത് കണ്ടെത്തിയിട്ടുണ്ട്. 710.64 ച മീ വിസ്തീർണ്ണം വരുന്ന അനധികൃത നിർമ്മാണത്തിനുള്ള നികുതിയും അതിന്റെ

പലിശയും അടക്കം 91160 രൂപ അടവാക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി 22.07.2019 ൽ A5-2228/2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 സെക്ഷൻ 235 W പ്രകാരം ആയത് പൊളിച്ച് മാറ്റണമെന്നും ഉത്തരവിൽ ആവശ്യപ്പെട്ടു. ഈ ഉത്തരവിന്റെ തുടർ നടപടികളുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 30.10.21 ൽ ഓഡിറ്റ് എൻക്വയറി ( നം 12 ) നൽകി. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഗുണഭോക്തൃ വിഹിതം ഈടാക്കിയത് ചെലവഴിക്കാതെ അവശേഷിക്കുന്നു

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികയിൽ ബി4- ഷെഡ്യൂളിൽ ബെനഫിഷറി കോൺട്രിബ്യൂഷൻ (320800101) എന്ന ഹെഡിൽ 157000/- രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട് .

ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ ബാധ്യതയായി വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നതിനും ഇവ ഏതേതു പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയിട്ടുള്ളതാണെന്നും ആ പദ്ധതികൾ നടപ്പാക്കിയിട്ടില്ലെങ്കിൽ ഗുണഭോക്തൃ വിഹിതം ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരിച്ചു നൽകാത്തതിനും വിശദീകരണം ലഭ്യമാക്കുവാനുമായി നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം .24/1.11.21) മറുപടി യിൽ ഈ തുക 2012 ൽ സാംഖ്യ ആരംഭിച്ച സമയത്ത് ഒ.ബി ആയി കാണിച്ചിരിക്കുന്ന തുകയാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കിയ ഈ തുകകൾ ഏതാണെന്ന് കണ്ടെത്തി പദ്ധതികൾ നടപ്പാക്കിയിട്ടില്ലെങ്കിൽ ആയത് ഗുണഭോക്താക്കൾക്ക് തിരിച്ചു നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-16 പുസ്തകങ്ങൾ വാങ്ങൽ - വ്യവസ്ഥകൾ പാലിച്ചില്ല

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ബാലസഭ പ്രൊജക്റ്റിന്റെ ഭാഗമായി പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രൊജക്റ്റിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം/<br>പ്രൊജക്റ്റിന്റെ പേര് | S0012/21<br>ബാലസഭ |
| അടങ്കൽ,<br>ഫണ്ടിനം | 50000/-<br>പൊതുവിഭാഗം |
| ചെലവ് | 50000/-<br>ട്രഷറി ബിൽ നം -<br>3/23.9.21 |
| നിർവ്വഹണ<br>ഉദ്യോഗസ്ഥൻ | അസി : സെക്രട്ടറി |

കറന്റ് ബുക്ക്സ് എറണാകുളത്ത് നിന്നുമാണ് 29000 രൂപയുടെ പുസ്തകങ്ങൾ 30.3.21 ലെ 00122,009640 എന്നീ ബില്ലുകൾ പ്രകാരം വാങ്ങിയിട്ടുള്ളത്.

പ്രൊജക്റ്റ് നിർവ്വഹണം സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ സംബന്ധിച്ച് 23.10.21 ൽ ഓഡിറ്റ് എൻക്വയറി (നം. 7) നൽകി. ആയതിന് നൽകിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.09.2017 ലെ സ ഉ (സാധാ) നം 3042/2017, 18.11.2017 ലെ സ ഉ (സാധാ) നം 3709/2017 എന്നീ ഉത്തരവുകൾ പ്രകാരം ബുക്ക് മാർക്ക്, സാഹിത്യ പ്രവർത്തക സഹകരണ സംഘം എന്നിവ വഴിയാണ് പുസ്തകങ്ങൾ വാങ്ങേണ്ടത്. 5.08.2019 ലെ സ ഉ (സാധാ) നം 1169/2019/തസ്വഭവ ഉത്തരവ് പ്രകാരം ബുക്ക് മാർക്ക്, സാഹിത്യ പ്രവർത്തക സഹകരണ സംഘം എന്നിവക്ക് പുറമെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പുസ്തകങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടതിന് ചെറിയ കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങൾ ലഭ്യമല്ലാത്തതിനാലും പല സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന്റെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുമാണ് പുസ്തകങ്ങൾ കറന്റ് ബുക്സിൽ നിന്ന് വാങ്ങുന്നതിന് തീരുമാനിച്ചത് എന്നറിയിച്ചു. എന്നാൽ ആവശ്യമുള്ള പുസ്തകങ്ങൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്ഥാപനങ്ങളിൽ ലഭ്യമാണോ എന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.

2.പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയെങ്കിലും വിതരണം ചെയ്തിട്ടില്ല എന്നറിയിച്ചു. കോവിഡ് സാഹചര്യമായതിനാലാണ് വിതരണം ചെയ്യാൻ സാധിക്കാത്തത് എന്നറിയിച്ചു.

പുസ്തകങ്ങൾ വാങ്ങുന്നതിൽ സർക്കാർ നിബന്ധനകൾ പാലിക്കേണ്ടതും വാങ്ങിയ പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 രസീത് പരിശോധന അപാകതകൾ - എ.ഇ മഞ്ഞള്ളൂർ

എ.ഇ മഞ്ഞള്ളൂർ ന്റെ 33902 -ാം നം രസീതു ബുക്ക് പരിശോധിച്ചതിൽ, കളക്ഷൻ രജിസ്റ്ററിലെ പേജ് നം 13 & 14 ൽ 33902-ാം നം രസീതു ബുക്കിലെ 75 മുതൽ 80 വരെയുള്ള രസീതുകളിലായി ടെണ്ടർ ഫീ പിരിച്ച് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തിയതായി കാണുന്നവെങ്കിലും, മേൽ രസീതുകൾ ഒന്നും രേഖപ്പെടുത്താതെ ക്യാൻസൽ ചെയ്തതായിട്ടാണ് കാണുന്നത്. ആയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 28/2020/21 തിയതി 2/11/2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത കാണിക്കേണ്ടതും ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-18 ക്ഷീരസഹകരണ സംഘങ്ങൾ ലൈസൻസ്

പഞ്ചായത്ത് പ്രദേശത്ത് 2 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്, 2020-2021 വർഷം ലൈസൻസ് നൽകിയതിന്റെ വിശദാംശങ്ങൾ അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 20/2020-21 തീയതി 1/11/2021 ന് സെക്രട്ടറി നൽകിയ മറുപടിയിൽ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 2 ക്ഷീരസഹകരണ സംഘങ്ങളുടെയും ലൈസൻസ് പുതുക്കുവാൻവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-19 മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം | 42/2020-21 |
| പേര് | പി.എച്ച്.സി. ക്കു വേണ്ടി മരുന്നു വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, മഞ്ഞള്ളൂർ |
| അടങ്കൽ | 250000/- |
| ചെലവ് | 250000/- |
| ബിൽനം/തിയതി | 12/2020-21, 21/01/2021 (Rs.7424) |
| ബിൽനം/തിയതി | 17/2020-21, 10/03/2021 (Rs.242576) |

കേരള മെഡിക്കൽ സർവീസ് കോർപറേഷന്റെ പ്രഫോർമ ഇൻവോയ്സ് നം പി.ആർ.എഫ് 5378 തിയതി15/02/2021 പ്രകാരം 242576/-രൂപയ്ക്കുള്ള മരുന്ന് വാങ്ങിയതായി കാണുന്നു. എന്നാൽ മരുന്നുകൾ ലഭിച്ചതായും മരുന്നുകൾ സ്റ്റോക്കിൽ ചേർത്തതായും കാണുന്നില്ല. മരുന്നുകൾ ലഭിച്ചതിന്റെ രേഖകളും സ്റ്റോക്കിൽ ചേർത്തതിന്റെ രേഖകളും ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 23/2020-21 തീയതി 1/11/2021 നം ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭിച്ചതിന്റെയും സ്റ്റോക്കിൽ ചേർത്തതിന്റെയും രേഖകൾ ഓഡിറ്റിനെ അറിയിക്കുന്നതുവരെ ടി തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-20 കംപ്യൂട്ടർ വാങ്ങലിൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല.

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ലാപ്പ്ടോപ്പ് വിതരണ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടില്ല. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം/<br>പ്രൊജക്ടിന്റെ പേര് | S0013/21<br>പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ,<br>ഫണ്ടിനം | 370000/-<br>എസ് സി പി |

| | |
|---|---|
| പ്രൊജക്ട് അംഗീകാരം | M – 34/15,20.05.2020, എസ് സി ഡെവലപ്പ്മെന്റ് ഓഫീസർ |
| ചെലവ് | 358800/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി : സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിന്റെ 18.1.21 ലെ A4-01/2020 ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ കോയിൻസ് സൊല്യൂഷൻസ്, മൂവാറ്റുപുഴ എന്ന സ്ഥാപനത്തെ കംപ്യൂട്ടർ വിതരണത്തിന് തിരഞ്ഞെടുത്തു. കംപ്യൂട്ടർ വിതരണം ചെയ്തതിന്റേയും തുക നൽകിയതിന്റേയും വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| കംപ്യൂട്ടറിന്റെ വില | 29900 |
| വാങ്ങിയ കംപ്യൂട്ടറുകളുടെ എണ്ണം | 12 |
| ബിൽ നം | MGP/22/20-21,17.3.2021 |
| നൽകിയ തുക | 358800/- |

അപാകതകൾ സംബന്ധിച്ച് 22.10.21 ൽ ഓഡിറ്റ് എൻക്വയറി ( നം 4) നൽകി. ആയതിന് ലഭ്യമാക്കിയ മറുപടി(തീയതിയില്ല) കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1.ഐ ടി വകുപ്പിന്റെ 16.3.19 ലെ 1/26/2019/വി സ വ നം സർക്കുലർ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.20 ലെ ഡി എ .1/363/2019/തസ്വഭവ എന്നീ സർക്കുലറുകൾ പ്രകാരം കംപ്യൂട്ടറുകൾ വാങ്ങേണ്ടത് സി പി ആർ സി എസ് ഓൺലൈൻ സ്റ്റോറിൽ നിന്നാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് സി പി ആർ സി എസ് മുഖേനയല്ല വാങ്ങൽ നടത്തിയിട്ടുള്ളത്. കോവിഡ് രൂക്ഷമായ കാലഘട്ടമായതിനാൽ ഓൺലൈൻ പഠനത്തിന് വീഴ്ച വരരുതെന്ന് നിർദ്ദേശമുള്ളതിനാലാണ് ടെണ്ടർ/ക്വട്ടേഷൻ മുഖേന വാങ്ങൽ നടത്തിയതെന്ന് മറുപടിയിൽ അറിയിച്ചു.

2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.20 ലെ ഡി എ .1/363/2019/തസ്വഭവ ഉത്തരവ് പ്രകാരം വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം അടിസ്ഥാനമാക്കിയുള്ള കംപ്യൂട്ടറുകൾക്ക് നൽകാവുന്ന പരമാവധി വില 27722 രൂപയാണ്. എന്നാൽ പഞ്ചായത്ത് നൽകിയിട്ടുള്ളത് 29900 രൂപയാണ്. ഇപ്രകാരം 12 കംപ്യൂട്ടറുകളുടെ വിലയിനത്തിൽ 26136 രൂപ അധികം നൽകിയതായി കാണുന്നു. സി പി ആർ സി എസി ൽ ഉൾപ്പെട്ട ഉപകരണം മറ്റ് രീതിയിൽ വാങ്ങുമ്പോൾ ഉണ്ടാകുന്ന നഷ്ടം ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്ന് ഐ ടി വകുപ്പിന്റെ 16.3.19 ലെ 1/26/2019/വി സ വ നം സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്. അധിക നിരക്കിൽ തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടതിന് 6.7.2019 ലെ 1400/2019/ത സ്വ ഭ വ ഉത്തരവ് പ്രകാരം കംപ്യൂട്ടറുകളുടെ വില 38902 രൂപയായി വർദ്ധിപ്പിച്ചിരുന്നു എന്ന് മറുപടി നൽകി. എന്നാൽ പദ്ധതി നടപ്പാക്കിയ സമയത്ത് പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ആയിരുന്നില്ല ബാധകം മറിച്ച് 20.01.20 ലെ ഡി എ.1/363/2019/തസ്വഭവ ഉത്തരവായിരുന്നു. വിദ്യാർത്ഥികളുടെ പഠനത്തിന് തടസ്സമുണ്ടാകാതിരിക്കാനാണ് പദ്ധതി സമയബന്ധിതമായി നടപ്പാക്കിയത് എന്നും മറുപടിയിൽ അറിയിച്ചു. കംപ്യൂട്ടറുകൾ വാങ്ങുമ്പോൾ സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

## 1-21 നികുതികൾ – റ്റി ഡി എസ് കിഴിവ് ചെയ്തില്ല

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ കരാറുകാർക്ക് തുക നൽകിയപ്പോൾ നിയമാനുസൃതമുള്ള റ്റി ഡി എസ് കിഴിവുകൾ വരുത്തിയില്ല. അപാകത സംബന്ധിച്ച് 22.10.21 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 3) മറുപടി(തീയതിയില്ല) ലഭ്യമാക്കി. ആയതിൽ സർക്കാർ സ്ഥാപനമായതിനാലാണ് കെ.ആർ.ഇ.ഡബ്ല്യു.എസ്. എന്ന സ്ഥാപനത്തിൽ നിന്ന് ആദായ നികുതി ഈടാക്കാതിരുന്നതെന്നും നികുതി ഈടാക്കേണ്ടതാണെങ്കിൽ ഈടാക്കുന്നതാണെന്നും അറിയിച്ചു. കൂടാതെ കെ.ആർ.ഇ.ഡബ്ല്യു.എസ്. ഹാജരാക്കിയ ബില്ലിൽ ജി.എസ്.റ്റി. തുക ഉൾപ്പെടുത്തിയിരുന്നതിനാലാണ് ജി എസ് റ്റി ഈടാക്കാതിരുന്നത് എന്നും അറിയിച്ചു. എന്നാൽ 2.5 ലക്ഷത്തിനു മുകളിൽ ചെലവ് വരുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്ന് 2% ജി.എസ്.റ്റി-റ്റി.ഡി.എസ്. ഈടാക്കേണ്ടതുണ്ട്. ഇക്കാരണങ്ങളാൽ ആദായ നികുതി, ജി

എസ് റ്റി എന്നിവയുടെ റ്റി ഡി എസ് ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പ്രൊജക്ടുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റിന്റെ നം / പേര് | കരാറുകാരൻ, ബിൽ നം | ചെലവ് , ഫണ്ടിനം | പരാമർശം | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | 134/20-21, വേങ്ങച്ചവട് ഭാഗത്ത് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | കെ ആർ ഇ ഡബ്ലു എസ് , കാസർഗോഡ്, KREWS/A 182/20-21,5.2.21 | 158227, ധനകാര്യ കമ്മീഷൻ ഗ്രാന്റ് , ബിൽ നം 264/19.3.21 | ആദായ നികുതി ഈടാക്കിയിട്ടില്ല | ആദായ നികുതി -1582 |
| 2 | 167/20-21, തെരുവ് വിളക്കുകൾ വാങ്ങലും സ്ഥാപിക്കലും | കെ ആർ ഇ ഡബ്ലു എസ് , കാസർഗോഡ്, KREWS/A 19/20-21,18.6.20 | 479384, ധനകാര്യ കമ്മീഷൻ ഗ്രാന്റ് , ബിൽ നം 269/22.3.21 | ആദായ നികുതി, ജി എസ് റ്റി എന്നിവ ഈടാക്കിയിട്ടില്ല | ആദായ നികുതി -4794 ജി എസ് റ്റി - 9588 |

ആദായ നികുതി 6376 രൂപയും ജി.എസ്.റ്റി. 9588 രൂപയും ഈടാക്കി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-22 എസ് എൽ ഐ, ജി ഐ എസ് പ്രീമിയം കുറവ് അടവാക്കുന്നത്- സംബന്ധിച്ച്</u>

കേരള സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വകുപ്പിന്റെ 04.10.2016 ലെ സ.ഉ (അച്ചടി) നം149/16/ധന- പ്രകാരം അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി താഴെ ചേർത്തിട്ടുള്ള വിധം എസ്.എൽ.ഐ പ്രീമിയം വർദ്ധിപ്പിച്ചിട്ടുണ്ട്.

| അടിസ്ഥാന ശമ്പളം | തുക |
|---|---|
| 17999 വരെ | 200 രൂപ |
| 18000 മുതൽ 35699 വരെ | 300 രൂപ |
| 35700 മുതൽ 55349 വരെ | 500 രൂപ |
| 55350 മുകളിൽ | 600 രൂപ |

ജി ഒ (പി)112/2016 *ധന* 01.08.2016 പ്രകാരം 01.09.2017 തീയതി പ്രാബല്യത്തിൽ ജി ഐ എസ് പ്രീമിയം താഴെപ്പറയും പ്രകാരം പുതുക്കിയിട്ടുണ്ട്.

| ശമ്പള നിരക്ക് | പ്രതിമാസ പ്രീമിയം |
|---|---|
| 16500-37500 മുതൽ 17000-37500 ൽ താഴെ വരെ | 300 |
| 17000-37500 മുതൽ 35700-75600 ൽ താഴെ വരെ | 400 |
| 35700-75600 മുതൽ 55350-101400 ൽ താഴെ വരെ | 500 |
| 55350-101400 മുതൽ | 600 |

എന്നാൽ പഞ്ചായത്തിലെ മാർച്ച് 2021 ലെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാർ വിവിധ പോളിസികളുടെ വർദ്ധിച്ച നിരക്കിലുള്ള പ്രീമിയം അടവാക്കാത്തതായി കാണുന്നു.

| പേര്, തസ്തിക | അടിസ്ഥാന ശമ്പളം /ശമ്പള സ്കെയിൽ | കുറിപ്പ് | അടവാക്കേണ്ട പ്രീമിയം | അടയ്ക്കുന്ന തുക | കുറവ് |
|---|---|---|---|---|---|
| റോസമ്മ കെ ജെ അസിസ്റ്റന്റ് സെക്രട്ടറി | 56500/- 43400-91200 | ജി ഐ എസ് പ്രീമിയം | 500 | 400 | 100 |
| | | എസ് എൽ ഐ പ്രീമിയം | 600 | 100 | 500 |
| ടിനു പീറ്റർ ഹെഡ് ക്ലാർക്ക് | 51400/- 39300-83000 | ജി ഐ എസ് പ്രീമിയം | 500 | 400 | 100 |
| | | എസ് എൽ ഐ പ്രീമിയം | 500 | 400 | 100 |

| | | | | | |
|---|---|---|---|---|---|
| സജീന പി ടി സീനിയർ ക്ലർക്ക് | 37400/- 25200-54000 | എസ് എൽ ഐ പ്രീമിയം | 500 | 300 | 200 |
| സോയ അക്കൗണ്ടന്റ് | 46700/- 39300-83000 | ജി ഐ എസ് പ്രീമിയം | 500 | 400 | 100 |

ഫുൾ ടൈം സ്വീപ്പർ /പാർടൈം സ്വീപ്പർ എന്നിവരുടെ ശമ്പളത്തിൽ നിന്നും ജി ഐ എസ്, എസ് എൽ ഐ എന്നിവ ഈടാക്കിയിട്ടില്ല. മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുമെന്നാവശ്യപ്പെട്ട്കൊണ്ട് നൽകിയ 16/2020-21 തിയതി 26/10/2021 ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി ജീവനക്കാരിൽ നിന്നും ജി.ഐ.എസ്/എസ്.എൽ.ഐ. എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-23 റിവോൾവിംഗ് ഫണ്ട് - വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം

ഗ്രാമ പഞ്ചായത്ത് 2020 - 21 ൽ കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് എന്ന പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം/ പ്രൊജക്ടിന്റെ പേര് | S0014/21 കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ, ഫണ്ടിനം | 100000/- പൊതുവിഭാഗം |
| ചെലവ് | 100000/- ട്രഷറി ബിൽ നം - 2/23.9.21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി : സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിലെ 10 കുടുംബശ്രീ യൂണിറ്റുകൾക്കാണ് 10000 രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | യൂണിറ്റിന്റെ പേര് | വാർഡ് നം |
|---|---|---|
| 1 | ശ്രീദളം | VI |
| 2 | സൂര്യപ്രഭ | III |
| 3 | വർഷ | VI |
| 4 | കർമ്മല | III |
| 5 | സ്വാന്തനം | VIII |
| 6 | നാദം | VI |
| 7 | കീർത്തി | IX |
| 8 | ചെറുപുഷ്പം | III |
| 9 | ആവണി | II |
| 10 | ശ്രുതിക | III |

പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു. അപാകത സംബന്ധിച്ച് 23.10.21 ൽ ഓഡിറ്റ് എൻക്വയറി നൽകി (നം 6). ആയതിന് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിന് നിദാനമായ 14.2.2018 ലെ സ ഉ (കൈ) നം 22/2018 നം സബ്സിഡി മാർഗ്ഗരേഖയിലെ പ്രധാന വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

1.റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല. താൽക്കാലികമായ പലിശ രഹിത പ്രോത്സാഹനം മാത്രമാണ്.

2.റിവോൾവിംഗ് ഫണ്ട് പ്രതിമാസ തവണകളായി തിരിച്ചടക്കണം. സഹായം ലഭിച്ച് മൂന്ന് മാസം കഴിഞ്ഞ് തിരിച്ചടവ് ആരംഭിച്ചാൽ മതിയാകും.

3.റിവോൾവിംഗ് ഫണ്ട് തിരിച്ചടക്കുന്നതിന് റിവോൾവിംഗ് ഫണ്ട് റീക്രൂപ്പ്മെന്റ് അക്കൗണ്ട് ആരംഭിക്കണം. റീക്രൂപ്പ്മെന്റ് അക്കൗണ്ടിൽ വരുന്ന തുകയും അടുത്ത വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനം വകയിരുത്തുന്ന തുകയും ചേർന്നതായിരിക്കും വരും വർഷത്തെ റിവോൾവിംഗ് ഫണ്ട്.

4.റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു രജിസ്റ്റർ സൂക്ഷിക്കുകയും വിശദ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യണം.

മേൽ നിബന്ധനകൾ ഗ്രാമപഞ്ചായത്തിൽ പാലിച്ചിരുന്നില്ല. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ റിവോൾവിംഗ് ഫണ്ട് തിരിച്ചടക്കുന്നതിനുള്ള ബാങ്ക് അക്കൗണ്ട് ആരംഭിച്ചതായും 28000/-രൂപ തിരികെ ഈടാക്കിയതായും അറിയിച്ചു. റിവോൾവിഗ് ഫണ്ട് സംബന്ധിച്ച നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

## 1-24 ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ പദ്ധതി - മരുന്ന് ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ -ഹോമിയോ നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം | ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ / 0071/20-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , ഗവ.ഹോമിയോ ഡിസ്പെൻറി കദളിക്കാട് |
| അടങ്കൽ തുക | 100000/- (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവഴിച്ച തുക | 100000/- |
| ബിൽ നം./തീയ്യതി | 1/2020-21/15.3.21 |

മേൽ വിവരിച്ച പദ്ധതി പ്രകാരം 100000/- രൂപ മരുന്ന വാങ്ങുന്നതിനായി ഹോംകോ ക്ക് 15.3.21 ൽ നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും നാളിതുവരെ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.5/23.10.21) യുടെ മറുപടിയിൽ 23.10.21 ലെ 63/2021/ ജി.എച്ച്.ഡി.കെ നമ്പർ കത്ത് പ്രകാരം മരുന്നുകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഹോംകോക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതുവരെ 100000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 തൊഴിലുറപ്പ് പദ്ധതി - കരാറുകാർക്ക് അധിക തുക നൽകി.

ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ വർക്കുകളുടെ കരാറുകാർക്ക് അനുവദനീയമല്ലാത്ത തുക നൽകിയിട്ടുണ്ട്. പണിയുപകരണങ്ങൾ കൊണ്ടു വരുന്ന തൊഴിലാളികൾക്ക് അനുവദിക്കാവുന്ന ഷാർപ്പനിംഗ് ചാർജാണ് മെറ്റലും സിമന്റും ഉൾപ്പെടെയുള്ള മെറ്റീരിയലുകൾ വിതരണം ചെയ്ത കരാറുകാർക്ക് അനുവദിച്ചിട്ടുള്ളത്. മിക്സർ മെഷീൻ, വൈബ്രേറ്റർ എന്നിവയുടെ വാടക കൂടാതെയാണ് ഇപ്രകാരം തുക നൽകിയിട്ടുള്ളത്. വിശദ വിവരം ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-26 തൊഴിലുറപ്പ് പദ്ധതി - റ്റി ഡി എസ് ഈടാക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട നികുതി റ്റി ഡി എസ് ഈടാക്കുന്നില്ല. അപാകത സംബന്ധിച്ച് 1.11.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25) ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1.ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പ്രൊജക്ടുകളിൽ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

2019-2020

| | |
|---|---|
| ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ എണ്ണം | 3 |
| പ്രവൃത്തി ഏറ്റെടുത്ത കരാറുകാരുടെ എണ്ണം | 2 |
| 2.5 ലക്ഷത്തിനു മുകളിൽ തുക അനുവദിച്ച പ്രവൃത്തികളുടെ എണ്ണം | ഇല്ല |
| കരാറുകാരിൽ നിന്ന് ഈടാക്കിയ ആകെ ആദായ നികുതി | ഇല്ല |

2020-21

| | |
|---|---|
| ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ എണ്ണം | 15 |
| പ്രവൃത്തി ഏറ്റെടുത്ത കരാറുകാരുടെ എണ്ണം | 5 |
| 2.5 ലക്ഷത്തിനു മുകളിൽ തുക അനുവദിച്ച പ്രവൃത്തികളുടെ എണ്ണം | ഇല്ല |
| കരാറുകാരിൽ നിന്ന് ഈടാക്കിയ ആകെ ആദായ നികുതി | ഇല്ല |

2.സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് 2019-20, 20-21 വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

2019-20

| | |
|---|---|
| സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ച പ്രവൃത്തികളുടെ എണ്ണം | 104 |
| ആകെ അനുവദിച്ച തുക | 317600 |

2020-21

| | |
|---|---|
| സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ച പ്രവൃത്തികളുടെ എണ്ണം | 137 |
| ആകെ അനുവദിച്ച തുക | 432000 |

ബാധകമായ നികുതികളുടെ റ്റി ഡി എസ് ഈടാക്കി അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവർത്തികൾ-ടെൻഡർ നടപടികളിലെ അപാകങ്ങൾ

ടെൻഡർ നടപടിക്രമങ്ങളിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിൽ ടെൻഡർ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ ടെൻഡറുകളിൽ കോൺക്രീറ്റിംഗ് പ്രവർത്തികൾക്ക് മാത്രമാണ് ഗുണപരമായ രീതിയിൽ മത്സരാധിഷ്ഠിത ടെൻഡർ നടന്നിരിക്കുന്നതായി കാണുന്നത്.ഇത്തരം പ്രവർത്തികൾക്ക് 29.6%വരെ ടെൻഡർ കുറവ് ക്വാട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും മറ്റ് പ്രവർത്തികളുടെ ടെൻഡറുകളിൽ നാമമാത്രമായ കുറവ് മാത്രമാണ് ക്വാട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.ഇവയിൽ കരാറുകാരുടെ പങ്കാളിത്തവും കുറവായിട്ടാണ് കാണുന്നത്.

എ) സെലക്ഷൻ നോട്ടീസ് അയച്ചതായി കാണുന്നില്ല.

കേരള പൊതുമരാമത്ത് മാന്വൽ 2012 ലെ സെക്ഷൻ 2009.6 പ്രകാരം ടെൻഡർ നടന്ന് ഏഴ് ദിവസങ്ങൾക്കുള്ളിൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കേണ്ടതുണ്ട്. എന്നാൽ ലഭ്യമാക്കിയിരിക്കുന്ന ഫയലുകളിൽ ഇത്തരം സെലക്ഷൻ നോട്ടീസുകൾ മനസ്സിലാക്കുന്നതിനും സാധിക്കുന്നില്ല.

ബി)സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മരാമത്ത് ചട്ടങ്ങൾ സെക്ഷൻ 2009.7 പ്രകാരം ടെൻഡർ സ്വീകരിക്കപ്പെട്ട കരാറുകാരിൽനിന്നും കരാർ തുകയുടെ 5%സെക്യൂരിറ്റി തുകയായി സ്വീകരിക്കേണ്ടതുണ്ട്.എന്നാൽ സെലക്ഷൻ നോട്ടീസിന്റെ അഭാവത്തിൽ ഈ തുക അടവാക്കുന്നതിന് ആവശ്യപ്പെട്ടതായോ,അവ അടവാക്കിയതായോ മനസ്സിലാക്കുന്നതിന് സാധിക്കുന്നില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

സി)<u>അഡിഷണൽ പെർഫോമൻസ് സെക്യൂരിറ്റി തുക ഈടാക്കിയിട്ടില്ല.</u>

സർക്കാർ ഉത്തരവ് നം.1/2019/ഫിൻ തി.10.1.2019, നം.168/2019/ഫിൻ തി.7.12.2019 എന്നിവ പ്രകാരം പ്രവർത്തികൾ കരാറുകാർ ടെൻഡർ പിടിക്കുമ്പോഴുള്ള ടെൻഡർ കുറവ് എസ്റ്റിമേറ്റഡ് പി എ സി യെക്കാൾ 10 % ൽ അധികരിച്ചാണെങ്കിൽ ക്വാട്ട് ചെയ്ത തുകയും 10% നിരക്കും തമ്മിൽ വ്യത്യാസം വരുന്ന തുക അഡീഷണൽ പെർഫോമൻസ് സെക്യൂരിറ്റിയായി കരാർ ഉടമ്പടി സമയത്ത് വാങ്ങേണ്ടതുണ്ട്. മികച്ച രീതിയിലുള്ള മത്സരാധിഷ്ഠിത ടെൻഡർ നടന്നതിനാൽ പല റോഡ് കോൺക്രീറ്റിംഗ് പ്രവർത്തികളിലും 25 % ൽ അധികരിച്ച നിരക്കിൽവരെ ടെൻഡർ കുറവിന് പ്രവർത്തികൾ ക്വാട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.ഇത്തരം പ്രവർത്തികൾക്ക് അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി തുക വാങ്ങിയതായി ഫയലിൽ രേഖകളില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര്,പ്രൊജക്ട് നം | എസ്റ്റിമേറ്റഡ് പി.എ.സി(രൂപയിൽ) | ക്വാട്ട് ചെയ്ത നിരക്ക്(ടെൻഡർ കുറവ്) | ഈടാക്കേണ്ട അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി (രൂപയിൽ) |
|---|---|---|---|---|
| 1 | ചിറക്കര-കുറ്റംകണ്ടം റോഡ് കോൺക്രീറ്റിംഗ്(86/21) | 177021 | 28.7% | 33103 |
| 2 | മംഗലത്ത്കരോട്ട് -കുളങ്ങര റോഡ് കോണ്ക്രീറ്റിംഗ് | 197000 | 28.7% | 36839 |
| 3 | കാഞ്ഞിരക്കാട്ട് താഴം റോഡ് കോൺക്രീറ്റിംഗ്(108/21) | 350000 | 29.6% | 68600 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി വാങ്ങിയിരുന്നുവെന്നും പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം തിരികെ നൽകിയതാണെന്നും എന്നാൽ രജിസ്റ്ററുകളിൽ ചേർക്കുന്നതിന് വിട്ടുപോയതാണെന്നും അറിയിക്കുകയുണ്ടായി.ഗ്യാരണ്ടി തുകകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയവയുടെ വിവരങ്ങൾ കാണിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഡി)<u>ടെൻഡർ ഫീ ലഭ്യമാക്കിയിട്ടില്ല.</u>

ഇ ടെൻഡർ നടപടികളിലൂടെ ലഭിക്കുന്ന ടെൻഡർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. ഇ ടെൻഡർ ഫീ ക്രഡിറ്റ് ചെയ്യപ്പെടുന്നതിനായി സർക്കുലർ നം.DB1/7942/2010/CE/LSGD Dt.27.11.2019 പ്രകാരം ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെന്നും എന്നാൽ ടെൻഡർ ഫീ വരവ് വന്നിട്ടില്ലയെന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അസി.എഞ്ചിനീയർ അറിയിക്കുകയുണ്ടായി. ടെൻഡർ ഫീ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-28 ഗ്രാമപഞ്ചായത്ത് കെട്ടിടനിർമ്മാണം പൂർത്തിയാകാതെ അവശേഷിക്കുന്നു.</u>

പ്രൊജക്ട് നം : 117/20

പദ്ധതിയുടെ പേര്: പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം.

നിലവിലുള്ള ഗ്രാമപഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2017-18 വർഷത്തിൽ നിർവ്വഹണം തുടങ്ങിയ പ്രൊജക്ടാണിത്.പ്രൊജക്ടിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നം55/18

അടങ്കൽ :16,50,000രൂപ(3,73,650 രൂപ വികസനഫണ്ട്-ജനറൽ 12,76,350രൂപ തനത് ഫണ്ട്)

ഇതിന്റെ ഭാഗമായി 2017-18 വർഷത്തിൽ കെട്ടിടത്തിന്റെ പ്രൊജക്ടിൽ വിഭാവനം ചെയ്തിരുന്ന നിർമ്മാണ പ്രവർത്തികൾ തുടങ്ങുകയും 2018-19 വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്തു.(പ്രൊജക്ട് നം.127/19)തുടർന്ന് 11,38,518 രൂപ 2018-19 ,2019-20വർഷങ്ങളിലായി നല്കുകയുണ്ടായി.

മുകളിൽ പറഞ്ഞ തുക കൂടാതെ 2020-21 വർഷത്തിൽ കെട്ടിടത്തിലേക്ക് റാമ്പ് നിർമ്മിക്കുന്നതിനായി (പ്രൊജക്ട് നം.146/21)49755 രൂപയും ചെലവഴിച്ചിട്ടുണ്ട്.

കുടുംബശ്രീ കൗൺസിൽ ഹാളിന്റെ സെല്ലാർ നിലയുടെ മുകളിലാണ് കെട്ടിടം പണിതിരിക്കുന്നത്. 2017-18 വർഷത്തിൽ തുടങ്ങിയ ഈ കെട്ടിടത്തിന്റെ പൂർത്തിയായ പ്രവർത്തികൾ ബീമുകളുടെ നിർമ്മാണവും റാമ്പിന്റെ നിർമ്മാണവും തറയിൽ ടൈൽ പാകുന്ന പ്രവർത്തിയും മാത്രമാണ്. നിലവിൽ ഈ കെട്ടിടത്തിന്റെ നിർമ്മാണം പാതി വഴിയിൽ നിലച്ച അവസ്ഥയിലാണുള്ളത്എന്നാൽ 2020-21 വർഷത്തിൽ ഈ കെട്ടിടത്തിൽ ക്യാബിൻ വർക്കുകൾ ചെയ്യുന്നതിനായി പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പ്രവർത്തി നിർവ്വഹണഘട്ടത്തിലേക്ക് കടന്നിട്ടില്ല. ഓഡിറ്റ് ഓഫീസറും ഗ്രാമപഞ്ചായത്ത് ഓവർസിയറും സംയുക്തമായി നടത്തിയ പരിശോധനയിൽ കെട്ടിടം അടച്ചുറപ്പില്ലാത്ത അവസ്ഥയിൽ നിലകൊള്ളുന്നതായാണ് കാണുന്നത്. സൺഷെയ്ഡുകൾ ഇല്ലാതെ നിർമ്മിച്ച കെട്ടിടത്തിന്റ ഭിത്തികളിൽക്കൂടി മഴവെള്ളം താഴേക്കിറങ്ങി ഭിത്തികൾ ഭൂരിഭാഗം സ്ഥലത്തും പായൽ പിടിച്ച അവസ്ഥയിലും ടൈൽ പാകിയ തറയിൽ മഴവെള്ളം കെട്ടിക്കിടക്കുന്ന അവസ്ഥയിലുമാണ് കാണപ്പെട്ടത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ കെട്ടിടത്തിൽ ആവശ്യമായ മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ നടത്തി കുടുംബശ്രീയുടെ ഹെൽപ് സെന്ററും ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസും ഇവിടെ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി.

## 1-29 കോവിഡ്-19 -പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം

ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകനം താഴെ ചേർക്കുന്നു.

1) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി 2019-20,2020-21 സാമ്പത്തിക വർഷങ്ങളിൽ പ്രോജക്ട് രൂപീകരിച്ചെങ്കിലും തുക ചെലവഴിച്ചിട്ടില്ല.

2) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വാളന്റിയർമാർക്ക് 28.4.2020 ൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ മെഡിക്കൽ ഓഫീസറുടെ പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചു.

3)ഗ്രാമപഞ്ചായത്തിൽ 8.5.21 മുതൽ 9.8.21 വരെ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിട്ടുണ്ട്.

4)പ്രത്യേക പരിഗണന നൽകേണ്ടവരുടെ(ഗുരുതര രോഗികൾ, പ്രായാധിക്യമുള്ളവർ) സുരക്ഷയ്ക്ക് ഹെൽപ്പ് ഡസ്ക് രൂപീകരിച്ചു.

5)പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ച് യഥാസമയം പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

6)എഫ്.എൽ.ടി.സി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടില്ല. ഡി സി സി പ്രവർത്തിച്ചിട്ടുണ്ട്.

7) പൾസ് ഓക്സിമീറ്റർ വാങ്ങി ആയത് സ്റ്റോക്കിലെടുത്ത് ഉപയോഗിക്കുന്നുണ്ട്.

8) ഗ്രാമപഞ്ചായത്തിലെ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും,വ്യക്തികളിൽ നിന്നും സംഭാവന ഇനത്തിൽ ലഭിച്ച 40000 രൂപ നോഡൽ ഓഫീസറുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ തൃപ്തികരമായ രീതിയിലാണ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്.

9) സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ച തുക സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയില്ല. സംഭാവന സ്വീകരിക്കുന്നതിന് ബാങ്ക് അക്കൗണ്ട് തുടങ്ങാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും അക്കൗണ്ട് തുടങ്ങിയിട്ടില്ല.

## 1-30 ഓഡിറ്റ് ഇംപാക്ട്

പഞ്ചായത്തിലെ ടെമ്പോ സ്റ്റാന്റ് ലേല കുടിശ്ശികയായ 1001/-രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നവശ്യപ്പെട്ട് കൊണ്ട് നൽകിയ 15/2020-21 തിയതി 26/10/2021 നം ഓഡിറ്റ് എൻക്വയറിയുടെ ഫലമായി 27/10/2021 ലെ 1210101016930ം നം രസീതുപ്രകാരം 1000/-രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തൊഴിലുറപ്പ് പദ്ധതി - കരാറുകാർക്ക് അധിക തുക നൽകി.

ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ വർക്കുകളുടെ കരാറുകാർക്ക് അനുവദനീയമല്ലാത്ത തുക നൽകിയിട്ടുണ്ട്. പണിയുപകരണങ്ങൾ കൊണ്ടു വരുന്ന തൊഴിലാളികൾക്ക് അനുവദിക്കാവുന്ന ഷാർപ്പനിംഗ് ചാർജാണ് മെറ്റലും സിമന്റും ഉൾപ്പെടെയുള്ള മെറ്റീരിയലുകൾ വിതരണം ചെയ്ത കരാറുകാർക്ക് അനുവദിച്ചിട്ടുള്ളത്. മിക്സർ മെഷീൻ, വൈബ്രേറ്റർ എന്നിവയുടെ വാടക കൂടാതെയാണ് ഇപ്രകാരം തുക നൽകിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ വർക്ക് കോഡ് | കരാറുകാരന്റെ പേര് / അക്കൗണ്ട് നം | എം ബുക്ക് നം | അനുവദിച്ച ഷാർപ്പനിംഗ് ചാർജ് |
|---|---|---|---|---|
| 1 | വാർഡ് 12 പാണപാറ നടപ്പാത കോൺക്രീറ്റിംഗും സൈഡ് കെട്ടും റീച്ച് 4 1608007005/RC/276744 | ബിനു കെ തോമസ് , 67138042834 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 4/2020-21/MY | 2771 |
| 2 | വാർഡ് 13 വട്ടക്കുഴി താഴം മാതാംകുന്നേൽ റോഡ് കോൺക്രീറ്റിംഗ് 1608007005/RC/297646 | ബിനോയ് കുര്യൻ , 67258884840 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 5/2020-21/MY | 3000 |
| 3 | വാർഡ് 7 കണിപ്ലാക്കൽ താഴം റോഡ് കോൺക്രീറ്റിംഗ് 1608007005/RC/296414 | ശ്രീജിത്ത് വി എസ് , 67198905959 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 8/2020-21/MY | 3555 |
| 4 | വാർഡ് 12 കമ്പനിപ്പടി നെട്ടുമല റോഡ് കോൺക്രീറ്റിംഗ് 1608007005/RC/297937 | ബിനു കെ തോമസ് , 67138042834 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 9/2020-21/MY | 3000 |
| 5 | വാർഡ് 3 ചിറക്കര മഞ്ഞള്ളൂർ റോഡ് കോൺക്രീറ്റിംഗ് 1608007005/RC/29281 | ബിനു കെ തോമസ് , 67138042834 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 59/2020-21/MY | 3778 |
| 6 | വാർഡ് 4 മയിലാട്ടുംപാറ മണിയന്ത്രം റോഡ് സൈഡ് കെട്ടും ഓട നിർമ്മാണവും 1608007005/RC/353356 | ബിനോയ് കുര്യൻ , 67258884840 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ് | 66/2020-21/MY | 2274 |
| 7 | വാർഡ് 8 ഹിൽടോപ്പ് റോഡ് സൈഡ് കെട്ട് 1608007005/RC/354159 | ബിനു കെ തോമസ് , 67138042834 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 62/2020-21/MY | 2940 |
| 8 | വാർഡ് 10 പടിഞ്ഞാറെക്കരക്കടവ് കാളിലാങ്കൽ റോഡ് കോൺക്രീറ്റിംഗ് 1608007005/RC/296551 | എൽദോസ് പൗലോസ്, 20210917360 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 69/2020-21/MY | 3933 |
| 9 | വാർഡ് 8 വാഴയിൽ താഴം റോഡ് കോൺക്രീറ്റിംഗ് 1608007005/RC/296530 | ബിനു കെ തോമസ് , 67138042834 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 73/2020-21/MY | 3178 |
| 10 | വാർഡ് 11 പെരളിമറ്റം ചാമക്കാലായിൽ താഴം റോഡ് കോൺക്രീറ്റിംഗ് 1608007005/RC/296715 | ബിനോയ് കുര്യൻ , 67258884840 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 75/2020-21/MY | 2800 |
| 11 | വാർഡ് 4 മണിയന്ത്രം മാങ്കുടി താഴം റോഡ് കോൺക്രീറ്റിംഗ് 1608007005/RC/295660 | ബിനോയ് കുര്യൻ , 67258884840 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 106/2020-21/MY | 3900 |
| 12 | വാർഡ് 4 കൂവേലി ഇണ്ടിക്കുഴതാഴം നടപ്പാത | ബിനോയ് കുര്യൻ , | 111/2020-21/MY | 3874 |

| | | | | |
|---|---|---|---|---|
| | കോൺക്രീറ്റിംഗ് 1608007005/RC/295664 | 67258884840 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | | |
| 13 | വാർഡ് 9 ലക്ഷം വീട് കട്ടിമറ്റം റോഡ് കോൺക്രീറ്റിംഗ് 1608007005/RC/297635 | ബിനോയ് കുര്യൻ , 67258884840 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 143/2020-21/MY | 2022 |
| 14 | വാർഡ് 9 കാപ്പ് സ്കൂൾ റോഡ് കോൺക്രീറ്റിംഗ് 1608007005/RC/296538 | ബിനോയ് കുര്യൻ , 67258884840 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 155/2020-21/MY | 3274 |
| ആകെ | | | | 44299 |

അധിക തുക നൽകിയത് സംബന്ധിച്ച് 1.11.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 26) മറുപടി ( തീയതി ഇല്ല ) ലഭ്യമാക്കി. പണിയായുധങ്ങൾ വാടകക്ക് എടുത്തതിന്റെ തുകയാണ് ഷാർപ്പനിംഗ് ചാർജസ് എന്ന ഇനത്തിൽ നൽകിയിട്ടുള്ളത് എന്നറിയിച്ചു. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സെക്വർ സോഫ്റ്റ് വെയറിൽ പണിയായുധങ്ങളുടെ വാടക എന്ന ഇനം ഇല്ലാത്തതിനാലാണ് ഷാർപ്പനിംഗ് ചാർജസ് എന്ന ഇനത്തിൽ തുക നൽകിയത് എന്നറിയിച്ചു. തുകകൾ തിരിച്ചടപ്പിക്കണമെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. പണിയായുധങ്ങൾ പ്രത്യേകമായി വാടകക്ക് എടുക്കാതെ ആ ഇനത്തിൽ തുക നൽകിയത് അനുവദനീയമല്ല. കൂടാതെ മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനാണ് തുക നൽകിയിട്ടുള്ളത്.

കരാറുകാർക്ക് അധികമായി നൽകിയ 44299 രൂപ ഈടാക്കി എൻ ആർ ഇ ജി എസ് അക്കൗണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് കാലയളവിൽ നിക്ഷേപപ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

### 4-3 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 2020-21 | 175000 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസധനസഹായം (16) | 175000 | 0 |
| ജില്ലാ പഞ്ചായത്ത് | | | 45600 | | 45600 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 58956 | 2020-21 | 37372 | സമഗ്ര നെൽകൃഷിവികസനം(19) | 37372 | 0 |
| ജില്ലാ പഞ്ചായത്ത് | | | 99739 | | 99739 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 2020-21 | 41250 | പച്ചക്കറി കൃഷി(20) | 41250 | 0 |
| ജില്ലാ പഞ്ചായത്ത് | | 2020-21 | 173026 | സമഗ്ര നെൽകൃഷിവികസനം(26) | 176026 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 2020-21 | 510000 | ക്ഷീര സഹകരണ സംഘങ്ങള് വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി(31) | 510000 | 0 |
| ജില്ലാ പഞ്ചായത്ത് | | 2020-21 | 100000 | എസ്സി ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി(38) | 100000 | 0 |
| ജില്ലാ | | 2020- | 300000 | എസ്.സി ലൈഫ് സമ്പൂർണ്ണ | 300000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| പഞ്ചായത്ത് | | 21 | | ഭവനപദ്ധതി(78) | | |
| ബ്ലോക്ക് പഞ്ചായത്ത് | | 2020-21 | 400000 | | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 2020-21 | 126300 | ക്ഷീര സഹകരണ സംഘങ്ങള് വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി(87) | 126300 | 0 |
| ജില്ലാ പഞ്ചായത്ത് | | 2020-21 | 74000 | | 74000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 2020-21 | 280200 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി(154) | 280200 | 0 |
| ജില്ലാ പഞ്ചായത്ത് | | 2020-21 | 50000 | കോവിഡ് -10-പ്രതിരോധ പരിരക്ഷ പ്രവർത്തനങ്ങൾ(164) | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 2020-21 | 460000 | PHC- യുടെ പുതിയ കെട്ടിടവിപുലീകരണം(190) | 460000 | 0 |
| ജില്ലാ പഞ്ചായത്ത് | 3874 | 2019-20 | 0 | അംഗൻവാടി നിർമ്മാണം | | 3874 |
| ജില്ലാ പഞ്ചായത്ത് | 127500 | 2019-20 | 0 | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം | | 127500 |

തൻവർഷ വരവ് തുകകളിൽ 960000രൂപ മാത്രമാണ് പണമായി ഗ്രാമപഞ്ചായത്തിൽ ലഭിച്ചത്. അവശേഷിക്കുന്ന തുകകളെല്ലാം സ്ഥാപനം നേരിട്ട് ചെലവഴിക്കുകയാണ് ചെയ്തിരിക്കുന്നത്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഈ ഇനത്തിൽ ഓഡിറ്റ് കാലയളവിൽ തുകയൊന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 7345851 രൂപയിൽ 746549 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | 6599302 |
| ലൈഫ് | GO(MS)No.68/2018 LSGD Dated 18.05.2018 | 0 | 7345851 | 746549 | 0 | |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 13 | 2003-04 | 14 | വനിതവ്യവസായ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തത് | പഞ്ചായത്തിന് നഷ്ടം സംഭവിച്ച 66130/- റിക്കവറി നടപടിയിലൂടെ ഈടാക്കിയിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | | അധിക ചെലവ് 66130/- രൂപ | |
| 2014-15 | 2(1) | 2016-17 | 2(1) അനുബന്ധം 4 | തൊഴിൽനികുതി ഈടാക്കിയില്ല | തുക മുഴുവൻ ഈടാക്കിയിട്ടുണ്ട് |
| 2015-16 | 2(1) | 2016-17 | 2(1) അനുബന്ധം 5 | തൊഴിൽനികുതി ഈടാക്കിയില്ല | 48900/- രൂപയുടെ പരാമർശം ഉള്ളതിൽ 42650/- ഈടാക്കി. മറ്റു സ്ഥാപനങ്ങൾ പ്രവർത്തിക്കാത്തതിനാൽ 6250/- ഈടാക്കാൻ കഴിഞ്ഞിട്ടില്ല |

## 4-9 ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [(മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)] | 65711800 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53523642 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 44299 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 342576 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3 - 1 | 44299 | റോസമ്മ കെ ജെ ,അസി.സെക്രട്ടറി. |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 242576 | ഡോ.ജയലക്ഷ്മി ഒ, മെഡിക്കൽ ഓഫീസർ |
| 1-24 | 100000 | ഡോ.റാണി ലക്ഷ്മി, ഹോമിയോ മെഡിക്കൽ ഓഫീസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റോസമ്മ കെ ജെ. അസി.സെക്രട്ടറി | അസി.സെക്രട്ടറി, മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | ചെമ്മംപ്ലാക്കൽ, കാഞ്ഞാർ പി.ഒ, ഇടുക്കി |
| ഡോ. ജയലക്ഷ്മി ഒ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ , പി.എച്ച് സി മഞ്ഞള്ളൂർ | ദേവീകൃപാ, കാവുംപട, മൂവാറ്റുപുഴ |
| ഡോ. റാണി ലക്ഷ്മി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) മഞ്ഞള്ളൂർ. | മംഗലമുണ്ടക്കൽ തൊടുപുഴ ഈസ്റ്റ് പി.ഒ. മുതലിയാർമഠം, തൊടുപുഴ - 685585 ഇടുക്കി |

## 4-11 തീർപ്പാക്കനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(1) തീയതി 24.7.2019 |
| 2001-02 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(2) തീയതി 24.7.2019 |
| 2002-2003dcb | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(3) തീയതി 24.7.2019 |
| 2002-2003exp | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(4) തീയതി 24.7.2019 |
| 2003-04 | എൽ.എഫ്.എം.(പി5)92/07 തീയതി 01.07.2011 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(5) തീയതി 24.7.2019 |
| 2006-07 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(6) തീയതി 24.7.2019 |
| 2007-2008 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(7) തീയതി 24.7.2019 |
| 2008-2009 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(8) തീയതി 24.7.2019 |
| 2009-10 | എൽ.എഫ്.ഇ/പി5/1367 തീയതി 15.01.13 |
| 2010-11 2011-12 | കെ.എസ്.എ-ഇ.കെ.എം.(പി8)716/16 തീയതി 16.02.16 |
| 2012-13 2013-14 | എൽ.എഫ്.എ/പി8/1904/14 തീയതി 12.02.2013 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം./പി8/1872 തീയതി 23.07.18 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം./പി8/1973 തീയതി 23.07.18 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം./പി8/388/19 തീയതി 17.07.2019 |
| 2018-2019 | കെ.എസ്.എ.ഇ.കെ.എം(പി8)284/2020 തീയതി.06.07.2020 |
| 2019-2020 | കെ.എസ്.എ.ഇ.കെ.എം(പി8)1556/2021 തീയതി.04.04.2022 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്